പ്രയോജനപ്പെടുന്നതാണ്. കടലിൽ അസാധാരണമായി എന്തെങ്കിലും സംഭവങ്ങൾ കാണുമ്പോൾ ടി യന്ത്രം ഘടിപ്പിച്ചുള്ള യാനങ്ങൾക്ക് കരയിലേക്കും അതുവഴി സുരക്ഷാ ഏജൻസികളേയും വിവരം അറിയിക്കാനും അനന്തര നടപടികൾ സ്വീകരിക്കാനും കഴിയും. കൂടാതെ വെസ്സൽ ട്രാക്കിംഗ് സിസ്റ്റം ഘടിപ്പിച്ചുള്ള യാനങ്ങൾ കടലിൽ എവിടെയാണ് എന്ന് ബേസ് സ്റ്റേഷനിൽ നിന്ന് കൊണ്ട് മനസ്സിലാക്കുവാൻ സാധിക്കും. മത്സ്യത്തൊഴിലാളികൾക്ക് കാലാവസ്ഥാ മുന്നറിയിപ്പ്, മത്സ്യലഭ്യതയുടെ വിവരങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനും രാജ്യാന്തര അതിർത്തി കടക്കുമ്പോൾ മത്സ്യത്തൊഴിലാളികൾക്ക് മുന്നറിയിപ്പ് നൽകുന്നതിനും, സാറ്റലൈറ്റിന്റെ സഹായത്തോടുകൂടിയുള്ള ഈ സംവിധാനം വളരെയേറെ പ്രയോജനപ്പെടുന്നതാണ്.

(ഇ) ഈ വർഷം തന്നെ ഈ പദ്ധതി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ഗാർഹിക മാലിന്യ നിർമ്മാർജ്ജന പ്ലാന്റുകൾ

23 (*653) ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. എ. എം. യൂസഫ് :
ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് :
ശ്രീ. വി. ശശികുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരിസര മലിനീകരണം തടയുന്നതിനും പാചക വാതക ദൗർലഭ്യം പരിഹരിക്കുന്നതിനും ഗാർഹിക മാലിന്യ നിർമ്മാർജ്ജന പ്ലാന്റുകളുടെ വ്യാപനം ആവശ്യമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാനത്ത് എത്ര ഗാർഹിക മാലിന്യപ്ലാന്റുകൾ ഇപ്പോൾ ഉണ്ട്; ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ ;

(സി) ഏതെങ്കിലും സർക്കാർ ഏജൻസികൾ ഗാർഹിക മാലിന്യ നിർമ്മാർജ്ജന പ്ലാന്റുകൾ നിർമ്മിച്ച് നൽകുന്നുണ്ടോ: എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി കൂടുതൽ പ്ലാന്റുകൾ നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ ?

തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി :)

(എ) ഉണ്ട്.

(ബി) കൃത്യമായ കണക്ക് ലഭ്യമല്ല. എന്നിരുന്നാലും കൃഷിവകുപ്പിൽ നിന്നും ജില്ലാ ശുചിത്വ സമിതികളിൽ നിന്നും ശേഖരിച്ച കണക്ക് അനുസരിച്ച് സംസ്ഥാനത്ത് സബ്സിഡി നൽകി സ്ഥാപിച്ചിട്ടുള്ള 11,717 ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾ ഉണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ക്രമ നമ്പർ	ജില്ല	ബയോഗ്യാസ് പ്ലാന്റുകളുടെ എണ്ണം
1	തിരുവനന്തപുരം	225
2	കൊല്ലം	195
3	പത്തനംതിട്ട	196
4	ആലപ്പുഴ	62
5	കോട്ടയം	285
6	ഇടുക്കി	7206
7	എറണാകുളം	936
8	തൃശൂർ	196
9	പാലക്കാട്	238
10	കോഴിക്കോട്	131
11	മലപ്പുറം	257
12	വയനാട്	130
13	കണ്ണൂർ	1510
14	കാസർകോഡ്	150
	ആകെ	11,717

ഇത് കൂടാതെ സ്വകാര്യ വ്യക്തികൾ സ്വന്തമായി സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്ന ബയോഗ്യാസ് പ്ലാന്റുകളുമുണ്ട്.

(സി) ഇല്ല. ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മിച്ചു നൽകി വരുന്നത് സർക്കാരിത സംഘടനകളും, സ്വകാര്യ ഏജൻസികളുമാണ്. അനർട്ട്, കൃഷിഭവൻ, ഖാദി, ആന്റ് വില്ലേജ് ഇൻഡസ്ട്രീസ്, അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള സേവനം നൽകിവരുന്നുണ്ടെങ്കിലും ഇവ നേരിട്ട് നിർമ്മിക്കുന്നില്ല.

(ഡി) സ്വീകരിച്ചിട്ടുണ്ട്. ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നത് പ്രോൽസാഹിപ്പിക്കുന്നതിനായി സബ്സിഡി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ലഭ്യമാക്കിവരുന്നു. ഇവ സ്ഥാപിക്കാനായി സേവനം നൽകുന്നതിന് അക്രെഡിറ്റഡ് ഏജൻസികളുടെയും അംഗീകൃത സർവ്വീസ് പ്രൊവൈഡർമാരുടെയും സേവനം ഉപയോഗപ്പെടുത്തി വരുന്നു. മാലിന്യ മുക്ത കേരളം പദ്ധതിയുടെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഒരു വാർഡ് മാലിന്യ മുക്തമാകുന്നതിന് വീടുകളിൽ ബയോഗ്യാസ് പ്ലാന്റുകൾ ഉൾപ്പെടെയുള്ള മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്താൻ പ്രോൽസാഹനം നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly